ഉത്തരം

(എ) സ്വാതന്ത്ര്യദിനത്തിന്റെ സുവർണജൂബിലി പ്രമാണിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു മുഖേന റൂൾ 9 (എ) (1) പ്രകാരം 1.1.97 മുതൽ 14.8.98 വരെ നിയമിതരായ താൽക്കാലിക വികലാംഗ ജീവനക്കാരെ സർവ്വീസിൽ സ്ഥിരപ്പെടുത്തുന്ന കാര്യം പി.എസ്.സിയുമായി ആലോചിച്ചു പരിശോധിച്ചുവരുന്നു.

(ബി) വികലാംഗർക്ക് വർഷംതോറും സർക്കാർ സർവ്വീസിൽ നേരിട്ട് നിയമനം നൽകുന്ന ഒരു പദ്ധതി നിലവിലുള്ളതിനാലും പി.എസ്.സി റാങ്ക് ലിസ്റ്റിലുള്ളവരെ ദോഷകരമായി ബാധിക്കുമെന്നതിനാലും ഇക്കാര്യം പരിഗണിക്കാൻ നിർവ്വാഹമില്ല.

വിദ്യാഭ്യാസ അലവൻസ്

104 (3033) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണത്തിന്റെ ഭാഗമായി വികലാംഗരായ കുട്ടികളുടെ രക്ഷിതാക്കൾക്ക് വിദ്യാഭ്യാസ അലവൻസ് അനുവദിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ ആനുകൂല്യം മന്ദബുദ്ധികളായ കുട്ടികളുടെ രക്ഷിതാക്കൾക്ക് കൂടി അനുവദിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരിശോധനയിലാണ്.

പൗരാവകാശ പത്രിക

105 (3034) ശ്രീ. ആര്യാടൻ മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ വകുപ്പുകളിൽ പൗരാവകാശ പത്രിക പ്രസിദ്ധീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം വകുപ്പുകളിൽ ഇവ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു എന്നതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

ട്രാൻസ്ഫർ വഴിയുള്ള എൽ.ഡി. ക്ലാർക്ക് നിയമനം

106 (3035) ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ലാസ്-4 വിഭാഗം ജീവനക്കാർക്ക് ട്രാൻസ്ഫർ വഴി എൽ.ഡി. ക്ലാർക്ക് ആയി നിയമനം നൽകുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly